# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 251 — 03/02/2020-ൽ മറുപടിക്ക്

## മാവൂർ ക്യാൻസർ സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | മാവൂർ തെങ്ങിലക്കടവിൽ കാൻസർ സെന്റർ ആരംഭിക്കുന്നതിനായി സർക്കാരിനു സൗജന്യമായി ലഭിച്ച ആറര ഏക്കർ ഭൂമിയും കെട്ടിടങ്ങളും ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | സ.ഉ (സാധാ) നം.2174/2016/ആ.കു.വ, തീയതി: 05/08/2016 പ്രകാരം, കാൻസർ സ്ക്രീനിംഗ് സെന്റർ ആരംഭിക്കുന്നതിനായി മാവൂരിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിനെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കൈമാറ്റം ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ എണ്ണം അപര്യാപ്തമായതിനാൽ, പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ മെഡിക്കൽ കോളേജിന് ഈ സെന്റർ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. കാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ 06/02/2021-ന് ചേർന്ന യോഗ തീരുമാന പ്രകാരം, പ്രസ്തുത കാൻസർ സെന്റർ പൂർണ്ണമായും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നിയന്ത്രണത്തിൽ ആയിരിക്കുമെന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പ്രവൃത്തികളുടെയും മേൽ നോട്ടം പ്രിൻസിപ്പൽ വഹിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. കാൻസർ സെന്റർ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും പദ്ധതി സമർപ്പിക്കുന്നതിനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും എൻ.എച്ച്.എം.-നെയും ഏൽപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുതകെട്ടിടത്തിലെ മെഡിക്കൽ ഉപകരണങ്ങൾ സംരക്ഷിക്കാൻ എന്തു നടപടിയാണ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | ബി) & സി) | തെങ്ങിലക്കടവ് കാൻസർ സെന്ററിലെ ഉപയോഗപ്രദമായ ഉപകരണങ്ങൾ മാവൂർ ചെറൂപ്പ ഹെൽത്ത് സെന്ററിന് കൈമാറിയിട്ടുണ്ട്. |
| സി) | ഇവിടെയുള്ള ഉപകരണങ്ങൾ മറ്റു സ്ഥാപനങ്ങളിലേയ്ക്കു മാറ്റാൻ സർക്കാർ തയ്യാറാവുമോ, വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ